CENTRE FOR CONTINUING EDUCATION KERALA
Anathara Lane, Charachira, Kowdiar P.O., Thiruvananthapuram, Kerala, PIN - 695 003

നമ്പർ : സി.ഇ/ബി/3106/2026 തീയതി : 06/11/2026

സർക്കുലർ

വിഷയം:- സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സി.സി.ഇ.കെ) – കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി (കെ.എസ്.സി.എസ്.എ) – സിവിൽ സർവീസ് കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2026-27 വർഷത്തെ കോച്ചിംഗ് ഫീസ് പ്രതിപൂരണം ചെയ്യുന്നത് – കോ-ഓർഡിനേറ്റർമാർക്കുള്ള നിർദ്ദേശം – സംബന്ധിച്ച്.

സൂചന :- ന്യൂനപക്ഷ ക്ഷേമ ഡയറക്ടറുടെ വിജ്ഞാപനം നമ്പർ.MWD/508/2026, തീയതി, 23-10-2026.

ന്യൂനപക്ഷ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിനനുസരിച്ച് അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കോ-ഓർഡിനേറ്റർമാർ കർശനമായി പാലിക്കേണ്ടതാണ്.

1). ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ലിങ്കിൽ കയറി വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കണം. **www.mwdscholarship.kerala.gov.in** എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യു ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

2). അപേക്ഷയുടെ **printout** എടുത്തു (ഹാർഡ് കോപ്പി) അതിൽ ചുവടെ ചേർക്കുന്ന രേഖകൾ അടക്കം ചെയ്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.

a) SSLC, ബിരുദം തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.

b) അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).

c) കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് / മൈനോറിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

d) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസിൽ നിന്ന്).

e) റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പ്.

f) കോഴ്സ് ഫീസ് / ഹോസ്റ്റൽ ഫീസ് അടച്ചതിന്റെ രസീത് (വിദ്യാർത്ഥി സമർപ്പിക്കുന്ന ഹോസ്റ്റൽ രസീത് സ്വകാര്യ സ്ഥാപനത്തിലേതാണെങ്കിൽ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിയുടെ മേലൊപ്പ് നിർബന്ധമായും പതിപ്പിച്ചിരിക്കേണ്ടതാണ്).

3).ഓൺലൈൻ അപേക്ഷയിലും ഹാർഡ് കോപ്പിയിലും മേൽ പറഞ്ഞ രേഖകൾ കുട്ടികൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് കോ-ഓർഡിനേറ്റർ ഉറപ്പു വരുത്തേണ്ടതാണ്.

4).ഹാർഡ് കോപ്പിയിൽ കോ-ഓർഡിനേറ്റർ **verify** ചെയ്ത് യഥാസ്ഥാനത്ത് രേഖപ്പെടുത്തലുകൾ വരുത്തി ഒപ്പും, സീലും വക്കുക.

5).ഓൺലൈൻ അപേക്ഷയിലും ഹാർഡ് കോപ്പിയിലും മേൽ പറഞ്ഞ രേഖകൾ ഉൾപ്പെടുത്താത്തതും കോ-ഓർഡിനേറ്റർ തലത്തിൽ ഹാർഡ് കോപ്പി **verify** ചെയ്ത് രേഖപ്പെടുത്തലുകൾ വരുത്തി ഒപ്പും, സീലും വക്കാത്തതുമായ അപേക്ഷകൾ സ്ഥാപനമേധാവി തലത്തിൽ **(CCEK, Director)** വെരിഫിക്കേഷനും അപ്പ്രൂവലും നടത്തുവാൻ നിർവ്വാഹമില്ലാത്തതാണ്.

6).മേൽ വ്യവസ്ഥ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതിലൂടെ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് **reject** ആകുകയാണെകിൽ ആയതിന് അതാത് കോ-ഓർഡിനേറ്റർമാർ ഉത്തരവാദികളായിരിക്കും.

7).വിദ്യാർത്ഥികൾ **30/11/2026**-നകം ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിരിക്കണം.

8).ഹാർഡ് കോപ്പി **02/12/2026** - നകം CCEK - യിൽ ലഭ്യമാക്കണം.

9).**02/12/2026** നകം സി.സി.ഇ.കെ - യിൽ ലഭ്യമാക്കിയ അപേക്ഷ, സി.സി.ഇ.കെ - യിൽ നിന്നും ഓൺലൈനായി **approval** നൽകേണ്ട അവസാന തീയതി **07/12/2026** ആണ്.

10).സി.സി.ഇ.കെ-യിൽ നിന്നും **approval** നൽകിയ അപേക്ഷകളുടെ ഹാർഡ് കോപ്പി ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ എത്തിക്കേണ്ട അവസാനതീയതി **10/12/2026.**

11).മേൽ പരാമർശിച്ച സമയപരിധികൾ പാലിക്കുന്നതിൽ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും കോ-ഓർഡിനേറ്ററുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചകൾക്ക് **CCEK** ഉത്തരവാദിയായിരിക്കുന്നതല്ല.

ഒപ്പ്
ഡയറക്ടർ

പകർപ്പ് :

1) കോ-ഓർഡിനേറ്റർ, കെ.എസ്.സി.എസ്.എ സെന്ററുകൾ [മേൽ സർക്കുലറും **23/10/2026** തീയതിയിലെ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറുടെ വിജ്ഞാപനവും നോട്ടീസ് ബോഡിൽ പ്രദർശിപ്പിക്കേണ്ടതാണ്].
2) കോ-ഓർഡിനേറ്റർ, കെ.എസ്.സി.എസ്.എ, തിരുവനന്തപുരം [അപേക്ഷകൾ എല്ലാ ജില്ലകളിൽ നിന്നും ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്]
3) ഡെസ്പാച്ച് സെക്ഷൻ
4) കരുതൽ ഫയൽ / ഓഫീസ് കോപ്പി